## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5106 — 23.03.2018-ൽ മറുപടിക്ക്

### ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ വേണ്ടത്; വ്യക്തമാക്കുമോ;<br><br>(ബി) ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും സർവ്വീസ് ഡെലിവറി സ്ഥാപനങ്ങൾക്കും തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ നിർബന്ധമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നിയമങ്ങൾ പ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം സംസ്ഥാനത്തെ എല്ലാ കടകളും വാണിജ്യ സ്ഥാപനങ്ങളും അതാത് അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ടി രജിസ്ട്രേഷൻ വർഷാവർഷം പുതുക്കുകയും ചെയ്യേണ്ടതുണ്ട്. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, കരാർ തൊഴിലാളി നിയമം, ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം എന്നീ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷനുകൾ നിലവിലുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനങ്ങളിൽ രജിസ്ട്രേഷൻ നിർബന്ധമല്ലാത്തവരും ഒഴിവാക്കപ്പെട്ടവരും ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്;രജിസ്ട്രേഷൻ സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ? | (സി) | കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ചില സ്ഥാപനങ്ങൾക്ക് ടി നിയമത്തിന്റെ പരിധിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. ഇളവ് നൽകിയിട്ടുള്ളതരം സ്ഥാപനങ്ങളുടെ വിവരം ചുവടെ പറയുന്നു.<br><br>((എ) ഏതു സ്ഥാപനത്തിലും മാനേജ്മെന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർ<br>(ബി) പ്രധാനമായും യാത്ര വേണ്ടിവരുന്ന ജോലികൾ ചെയ്യുന്നവരും കാൻവാസിംഗ്, കെയർടേക്കിംഗ് ജോലികൾക്ക് നിയമിച്ചിട്ടുള്ളവരും പേര് മസ്റ്റർ റോളിൽ ചേർത്തിട്ടില്ലാത്തവരുമായ ജീവനക്കാർ<br>(സി) കേന്ദ്ര, സംസ്ഥാന തദ്ദേശ ഭരണത്തിൽ കീഴിലുള്ളതും, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ കന്റോൺമെന്റ് അധികാരികളുടെ കീഴിലുള്ളതുമായ സ്ഥാപനങ്ങൾ |

(ഡി) കൽക്കരി, എണ്ണപാടങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ

(ഇ) ഉത്സവാഘോഷങ്ങളോടനുബന്ധിച്ചുള്ളതും 15 ദിവസത്തിൽ അധികരിക്കാത്ത കാലയളവിൽ പ്രവർത്തിക്കുന്നതുമായ ബാസാറുകളിലെ സ്ഥാപനങ്ങൾ

(എഫ്) ഫാക്ടറീസ് ആക്ടിന്റെ നിർവ്വചനത്തിൽപ്പെടാത്തതും പ്രത്യേക നിയമത്തിനു കീഴിൽ വരുന്നതുമായ സ്ഥാപനങ്ങൾ

(ജി) മാനസിക അസ്വാസ്ഥ്യമുള്ളവർ, ആലംബഹീനർ, അസുഖബാധിതരായവർ എന്നിവരെ ചികിത്സിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ആശുപത്രികളും സ്ഥാപനങ്ങളും

(എച്ച്) സർക്കാരിന്റെ സാധാരണയോ പ്രത്യേകമായോ ഉള്ള ഉത്തരവിൻ പ്രകാരം വ്യക്തമാക്കിയിട്ടുള്ള മരുന്നു കടകൾ

(ഐ) ക്ലബ്ബുകൾ, റസിഡൻഷ്യൽ ഹോട്ടലുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവയോടനുബന്ധിച്ചുള്ള ഹോസ്റ്റലുകൾ, ബോർഡിംഗ് സ്കൂളുകളോടനുബന്ധിച്ചുള്ള സ്ഥാപനങ്ങൾ എന്നിവ

(ജെ) റയിൽവെ സ്റ്റേഷനുകൾ, തുറമുഖങ്ങൾ, കപ്പലുകളുടെ അറ്റകുറ്റപ്പണികൾ നടക്കുന്ന സ്ഥലങ്ങൾ, ബോട്ടുകളിൽ നിന്ന് സാധനങ്ങൾ ഇറക്കുന്ന സ്ഥലങ്ങൾ എന്നിവയോടനുബന്ധിച്ചുള്ള സ്റ്റാളുകൾ, ലഘുഭക്ഷണ ശാലകൾ എന്നിവ

സ്ഥാപനം പ്രവർത്തനം ആരംഭിച്ച് 60 ദിവസത്തിനുള്ളിൽ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കേണ്ടതും ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വർഷാവർഷം പുതുക്കേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ